## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 350 30.11.2015-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ്

ചോദ്യം

ശ്രീ. പാലോട് രവി :
" പി. സി. വിഷ്ണുനാഥ് :
" എം.എ. വാഹീദ് :
" കെ. ശിവദാസൻ നായർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരവ് ചെലവ് അന്തരം കുറച്ച് ലാഭത്തിലേയ്ക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പാക്കേജ് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (ബി) | KTDFC-യിൽ നിന്നും കുറഞ്ഞ തിരിച്ചടവ് കാലയളവിലും കൂടിയ പലിശ നിരക്കിലും KSRTC എടുത്തിട്ടുള്ള 1300 കോടി രൂപയുടെ വായ്പ മറ്റ് ബാങ്കുകളിലേയ്ക്ക് മാറ്റുക, KSRTC-യുടെ ആസ്തിമൂല്യം പുനർനിർണ്ണയിച്ച് ആസ്തി വിപണിമൂല്യം വർദ്ധിപ്പിക്കുക, പെൻഷൻ ബാധ്യതയ്ക്ക് ശാശ്വതമായ പരിഹാരം കണ്ടെത്തുക, 2008-09 മുതൽ 2013-14 വരെ KSRTC-യ്ക്ക് സർക്കാർ അനുവദിച്ച വായ്പ സർക്കാരിന്റെ മൂലധനമാക്കി മാറ്റുക, ലാഭകരമല്ലാത്ത റൂട്ടുകൾ പുനഃക്രമീകരിച്ച് ലാഭകരമാക്കുക തുടങ്ങിയ ഉദ്ദേശ ലക്ഷ്യങ്ങളാണ് പുനരുദ്ധാരണ പാക്കേജ് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (സി) | കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിലും കുറഞ്ഞ തിരിച്ചടവ് കാലാവധിയിലും എടുത്തിട്ടുള്ള വായ്പകൾ |

| | | | |
|---|---|---|---|
| | | | മറ്റ് പൊതുമേഖലാ / വാണിജ്യ ബാങ്കുകളിലേയ്ക്ക് മാറ്റുന്നതിനായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി M/s SBI CAPITAL MARKETS Ltd. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച Financial Information Memorandum തയ്യാറാക്കി പൊതുമേഖലാ / വാണിജ്യ ബാങ്കുകൾക്ക് നൽകുകയും 10 ബാങ്കുകൾ വായ്പ അനുവദിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. SBT, Lekshmi Vilas Bank (LVB) എന്നീ ബാങ്കുകളിൽ യഥാക്രമം 200 കോടി, 75 കോടി രൂപ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പ ബാദ്ധ്യത ഒടുക്കി തീർക്കുന്നതിലേയ്ക്കായി കെ.റ്റി.ഡി.എഫ്.സി.ക്ക് അനുവദിച്ച് നൽകി കഴിഞ്ഞു. ഇത്തരത്തിൽ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുള്ള വായ്പാ ബാദ്ധ്യത പൂർണ്ണമായി മറ്റ് ബാങ്കുകൾ ഏറ്റെടുക്കുക വഴി കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിമാസ വായ്പാ തിരിച്ചടവ് ഇനത്തിൽ 35 കോടിയോളം രൂപ ലാഭിക്കാൻ കഴിയുന്നതാണ്.<br>2015 ഏപ്രിൽ മാസം മുതൽ കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണം കൃത്യമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേയ്ക്ക് പ്രതിമാസം കെ.എസ്.ആർ.ടി.സി നിക്ഷേപിക്കുന്നതിന് തത്തുല്യമായ തുക (20 കോടി രൂപയിൽ അധികരിക്കാതെ) സർക്കാർ നോൺ-പ്ലാൻ വിഹിതമായി അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. ഇപ്രകാരം 2015 ഏപ്രിൽ മാസം മുതൽ നവംബർ മാസം വരെയുള്ള പെൻഷൻ തുക കൃത്യമായി വിതരണം ചെയ്തു കഴിഞ്ഞു. |

| | | | |
|---|---|---|---|
| | | | പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതമായ തുക കണ്ടെത്തുന്നതിനും യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും യാത്രക്കാർക്ക് വേണ്ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്ക് മുകളിൽ ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും നിശ്ചിത സ്ലാബ് നിരക്കിൽ Social Security Cess ഇനത്തിൽ തുക 2015 ഏപ്രിൽ 1 മുതൽ ഈടാക്കുന്നതിന് അനുമതി നൽകി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ Cess ഇനത്തിൽ തുക ഈടാക്കുന്നതുവഴി പ്രതിമാസം കെ.എസ്.ആർ.ടി.സി.ക്ക് 6 കോടിയിൽപരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്.<br>കെ.എസ്.ആർ.ടി.സി.യുടെ ആസ്തികളുടെ വിപണിമൂല്യം വർദ്ധിപ്പിക്കുന്നതിനായി M/s Varma & Varma, Chartered Accountants എന്ന സ്ഥാപനത്തെ നിയോഗിച്ച് ആസ്തി മൂല്യം പുനർനിർണ്ണയിക്കുകയുണ്ടായി.<br>2008-09 മുതൽ 2013-14 വരെ സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച് നൽകിയ ആകെ വായ്പാ തുകയായ 1090.75 കോടി രൂപ സർക്കാരിന്റെ ഓഹരിയാക്കി മാറ്റുന്നതിന് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ